# നീരയ്ക്ക് കൊച്ചിയിൽ വൻ ഡിമാൻഡ്




കൊച്ചി: മധുരക്കള്ളായ നീരയ്ക്ക് കൊച്ചിയിൽ വൻ ഡിമാൻഡ്. വൈറ്റില ഹബിൽ രണ്ടാഴ്ച മുമ്പ് ആരംഭിച്ച നീര കൗണ്ടറിൽ ഇപ്പോൾ വൈകുന്നേരമാകുമ്പോഴേക്കും നീര തീരും. പതിവായി നീര കഴിക്കാനും നിരവധിപേരെത്തുന്നു. ഡിമാൻഡ് കണക്കിലെടുത്ത് മറൈൻ ഡ്രൈവിൽ പുതിയൊരു നീര കൗണ്ടർ കൂടി തുറക്കുന്നുണ്ട്. ജി.സി.ഡി.എ ഷോപ്പിംഗ് കോംപ്ലക്സിനുള്ളിൽ എസ്കലേറ്ററിന് സമീപമാകും പുതിയ കൗണ്ടർ. ഹബിലെ കൗണ്ടർ ഉദ്ഘാടന വേളയിൽ ജി.സി.ഡി.എ ചെയർമാൻ എൻ. വേണുഗോപാൽ നഗരത്തിൽ നീര വിൽക്കാൻ സ്ഥലം വാഗ്ദാനം ചെയ്തിരുന്നു. ആഗസ്റ്റ് ആദ്യവാരം പുതിയ കൗണ്ടർ ഉദ്ഘാടനം ചെയ്യും.

ഇപ്പോൾ ദിനംപ്രതി 100 ലിറ്റർ നീര ഹബിൽ എത്തിക്കുന്നുണ്ട്. ഇത് രണ്ട് ദിവസങ്ങൾക്കുള്ള 200 ലിറ്ററാക്കും. കർഷകരുടെ ഉടമസ്ഥതയിലുള്ള പാലക്കാട് കോക്കനട്ട് പ്രൊഡ്യൂസർ കമ്പനിയാണ് ജൂലായ് 9ന് വൈറ്റില ഹബിൽ കേരളത്തിൽ ആദ്യമായി പാം ഡ്യൂ എന്ന പേരിൽ നീര പൊതുവിപണിയിൽ എത്തിച്ചത്. 200 മില്ലിലിറ്റർ നീരയ്ക്ക് 25 രൂപയാണ് വില. ജ്യൂസ് ഡിസ്പെൻസറിൽ നിന്ന് ഗ്ലാസിൽ മാത്രമേ ലഭിക്കൂ.

ഡിമാന്റേറിയതോടെ ഉല്പാദനം കൂട്ടാനുള്ള നടപടികളിലാണ് പ്രൊഡ്യൂസർ കമ്പനി. ചെത്തുകാരുടെ എണ്ണം 25ൽ നിന്ന് 42 ആക്കുമെന്ന് കമ്പനി ചെയർമാൻ വിനോദ കുമാർ പറഞ്ഞു.

പ്രിസർവേറ്റീവുകളൊന്നും കൂടാതെ തണുപ്പിച്ച് പുളിപ്പിക്കൽ തടഞ്ഞ നീരയാണ് കമ്പനി വിതരണം ചെയ്യുന്നത്. ഹബിൽ ഒരു വർഷം മുമ്പ് കമ്പനി ആരംഭിച്ച ഇളനീർ പന്തൽ എന്ന കൗണ്ടറിലൂടെയാണ് നീരവിൽപ്പനയും. കള്ളിൽ നിന്നുണ്ടാക്കുന്ന പഞ്ചസാരയുൾപ്പടെ നിരവധി മൂല്യവർധിത ഉല്പന്നങ്ങളും ഇവിടെ ലഭ്യമാണ്. പാലക്കാട് മുതലമടയിലെ 60 കേരകർഷകരുടെ ഉടമസ്ഥതയിലുള്ളതാണ് പ്രൊഡ്യൂസർ കമ്പനി.